**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4208 21/07/2015-ൽ മറുപടിയ്ക്ക്

# ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നിറവ് പദ്ധതി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പദ്ധതി നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | എ) | 2014-15-ൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുക്കപ്പെട്ട നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് ആറ്റിങ്ങൽ. ടി നിയോജക മണ്ഡലത്തിൽ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 17.11.2014 നും 09.01.2015നും യോഗം കൂടി പദ്ധതി രൂപീകരിണത്തിനുള്ള പ്രാരംഭ ഘട്ടത്തിലാണ്. |
| ബി) ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; പ്രോജക്ട് തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; പ്രോജക്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; | ബി) | പ്രോജക്ട് തയ്യാറാക്കി വരുന്നു. 25.11.2011-ലെ സാ.ഉ(ആർ.റ്റി) നം.2193/2011/കൃഷി പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിയോജക മണ്ഡലം കമ്മിറ്റിക്കാണ് പ്രോജക്ട് തയ്യാറാക്കുന്ന ചുമതലയുള്ളത്. ടി കമ്മിറ്റിയുടെ ചെയർമാൻ സ്ഥലം എം.എൽ.എ യും കൺവീനർ പ്രിൻസിപ്പൽ കൃഷി ഓഫീസറുമാണ്. ഇതിൽ ജില്ലാതല ഉദ്യോഗസ്ഥ പ്രതിനിധികളായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്, ജലസേചന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, ആത്മ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. |
| സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ? | സി) | സംസ്ഥാനമൊട്ടാകെ നിറവ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**